(ഇ) ശ്രീ. എം. എം. ചാക്കൊ. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഫസ്റ്റ്ക്ലാസ്സോടുകൂടിയ ബി. എസ്സ്. സി. ബിരുദവും മൂന്നു വർഷത്തിലധികം സേവനപരിചയവും.

(എഫ്) ഉണ്ട്.

(ജി) സേവനക്കാലാവധി അവസാനിച്ചതും റീജിയണൽ ഡയറക്ടർ സ്ഥാനത്തേക്കു വന്ന ഒഴിവിൽ നിയമിക്കാൻ നിർദ്ദിഷ്ട യോഗ്യതയുള്ളവർ മറ്റാരുമില്ലാതെ വന്നതുമാണ് കാരണം.

പി. ഡബ്ലിയു. ഡി. വർക്കുകൾ

* 284 [995] ശ്രീ. ടി. കെ. കൃഷ്ണൻ:
,, പി. കെ. കുഞ്ഞച്ചൻ!
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ:
,, ടി. എം. മീതിയൻ:
,, മുസ്തഫാ കമാൽ:
,, വി. വി. ദക്ഷിണാമൂർത്തി:
,, സി. ബി. ചന്ദ്രശേഖരവാര്യർ:
,, വി.എസ്.അച്യുതാനന്ദൻ:
,, എസ്. ദാമോദരൻ:
,, എം. കെ. ജോർജ്ജ്:
,, എ. വി. ആര്യൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. യുടെ വർക്കുകൾ കോൺട്രാക്ടു കൊടുത്തതിലും വൻപിച്ച ക്രമക്കേടുകളും അഴിമതിയും നടക്കുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ചങ്ങനാശ്ശേരി–വാഴൂർ റോഡിൽ അരമനപ്പെട്ടി മുതൽ കണ്ണെട്ടുപാലം വരെയുള്ള രണ്ടര മൈൽ ദൂരം കോൺക്രീറ്റിന് പുറത്തു ടാർ ചെയ്യുന്നതിനുള്ള ഒരു ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പണിയിൽ വൻപിച്ച അഴിമതി നടന്നു എന്ന വസ്തുത കണക്കിലെടുത്ത് അതേ സംബന്ധിച്ച് ഒരന്വേഷണം നടത്തുമോ ?

പൊതുമരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) പി. ഡബ്ലിയു. ഡി. നൽകുന്ന കോൺട്രാക്ടുകളിൽ പൊതുവായി ക്രമക്കേടുകളും അഴിമതിയും നടക്കുന്നുണ്ടെന്നുള്ളത് ശരിയല്ല. പക്ഷേ അത്തരത്തിലുള്ള പരാതികൾ ഉണ്ടാവാറുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത റോഡ് ടാർ ചെയ്തതിൽ അനാസ്ഥ കാണിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. അതേപ്പറ്റി കൂടുതൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly